## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4615 — 22.03.2018-ൽ മറുപടിയ്ക്ക്

### വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് നടപടികൾ

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, എൽദോ എബ്രഹാം<br>,, കെ. രാജൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഭാഗ്യക്കുറി, മദ്യക്കച്ചവടം എന്നിവയെ ആശ്രയിച്ചുള്ള വരുമാനം സുസ്ഥിരവും ആരോഗ്യകരവുമാണെന്ന് വിലയിരുത്തുന്നുണ്ടോ ; | (എ) | കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റേയും ചട്ടങ്ങളുടേയും വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് ആസക്തിയും ചൂതാട്ട സ്വഭാവവും പരമാവധി നിയന്ത്രിച്ചു കൊണ്ടാണ് സംസ്ഥാന സർക്കാർ ഭാഗ്യക്കുറി നടത്തുന്നത്. സംസ്ഥാനത്തിന്റെ വികസന, ജനക്ഷേമ താല്പര്യങ്ങൾക്കു വേണ്ടിയുള്ള ധനസമാഹരണമാണ് സംസ്ഥാന ഭാഗ്യക്കുറിയിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്നതാണ് ലോട്ടറി നടത്തുന്നതിന്റെ ന്യായീകരണം. അതിനു മാത്രമേ ഉപയോഗിക്കാവൂ എന്നതിനാലാണ് സർക്കാരുകൾക്ക് മാത്രമായി ഭാഗ്യക്കുറി നടത്തിപ്പ് പരിമിതപ്പെടുത്തിയിരിക്കുന്നത്. അനധികൃത, ചൂതാട്ട ലോട്ടറികളെ കർശനമായി നിയമ പരമായി നേരിടുന്ന സമീപനം വിട്ടു വീഴ്ചയില്ലാതെ സ്വീകരിക്കുന്നുണ്ട്.<br>മദ്യം പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ കൈക്കൊള്ളുന്നില്ല. ലഹരി വിമുക്തി നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വലിയ പ്രധാന്യമാണ് സർക്കാർ നല്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന സർക്കാരിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടു വന്ന് ഇല്ലാതാക്കിയാൽ മാത്രമേ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിലയിൽ സുസ്ഥിരത കൈവരിക്കാൻ കഴിയുകയുള്ളൂ വരവിലും ചെലവിലും ക്രമീകരണങ്ങൾ വരുത്തി ഈ അന്തരം ഇല്ലാതാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്. നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുകയും വികസന ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധം വ്യയ നിയന്ത്രണങ്ങൾ കൊണ്ടുവരുകയും ചെയ്യുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സമ്പദ്ഘടനയിൽ വലിയ ഊർജ്ജം പകരുന്നതിനായി ബജറ്റേതര വിഭവ സമാഹരണം നടത്തി പശ്ചാത്തല സൗകര്യ സൃഷ്ടിയിൽ വലിയ മുതൽ മുടക്ക് നടത്തുക എന്ന തന്ത്രവും വിജയ പ്രദമായി മുന്നേറുന്നുണ്ട്. |
| (സി) | സർക്കാരിന്റെ നിലവിലെ ചെലവിനങ്ങളുടെ കാര്യത്തിൽ കൂടുതൽ ചെലവ് വരുന്നത് ഏതൊക്കെ മേഖലകളിലാണെന്ന് വ്യക്തമാക്കാമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം 2018 ജനുവരി മാസം വരെ പൊതു സർവ്വീസ്, സാമൂഹ്യ സർവ്വീസ്, സാമ്പത്തിക സർവ്വീസ്, പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| | റവന്യൂ | മൂലധനം | വായ്പ | ആകെ |
|---|---|---|---|---|
| | | | | (തുക കോടിയിൽ) |
| പൊതു സർവ്വീസ് | 36865.1 | 176.14 | --- | 37041.24 |
| സാമൂഹ്യ സർവ്വീസ് | 29350.12 | 733.23 | 59.9 | 30143.25 |
| സാമ്പത്തിക സർവ്വീസ് | 8063.99 | 4894.82 | 644.05 | 13602.86 |

ഇതിനു പുറമേ പലവക വായ്പകളും സർക്കാർ ജീവനക്കാർക്കുള്ള വായ്പകളും ഇനത്തിൽ 60.12 കോടി രൂപയും 2018 ജനുവരി മാസം വരെ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ